REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 04-03-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്തെ പൊലീസ്, ജയിൽ, വിജിലൻസ് വകുപ്പുകളുടെ പുതിയ കെട്ടിടങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉച്ച കഴിഞ്ഞ് നാടിന് സമർപ്പിക്കും.**
- **നിറങ്ങളുടെ ഉത്സവമായ ഹോളി ഇന്ന്.**
- **നിയമസഭാ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ നാളെ കൊച്ചിയിൽ എത്തും.**
- **സംസ്ഥാനത്ത് SSLC പരീക്ഷകൾ നാളെ ആരംഭിക്കും.**
- **ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ആദ്യ സെമിയിൽ ഇന്ന് ദക്ഷിണാഫ്രിക്ക ന്യൂസിലൻഡിനെ നേരിടും.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്തെ പൊലീസ്, ജയിൽ, വിജിലൻസ് വകുപ്പുകളുടെ പുതിയ കെട്ടിടങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉച്ച കഴിഞ്ഞ് നാടിന് സമർപ്പിക്കും.

കണ്ണൂരിൽ ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം, മൂന്ന് നിലകളിലായി തളാപ്പിൽ നിർമിച്ച ആറ് ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ, കൂത്തുപറമ്പിൽ നിർമ്മിച്ച സെൻട്രൽ കസ്റ്റോഡിയൽ ഫെസിലിറ്റേഷൻ സെന്റർ കണ്ണൂരിൽ DIG ഓഫീസിൽ നിർമ്മിച്ച ട്രെയിനിംഗ് സെന്റർ എന്നിവയും മുഖ്യമന്ത്രി ഓൺലൈനിൽ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയും, സ്പീക്കർ AN ഷംസീറും പങ്കെടുക്കും.

ആലപ്പുഴയിലെ ചടങ്ങിൽ മന്ത്രി സജി ചെറിയാൻ അദ്ധ്യക്ഷനാകും.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളെജ്, ബേപ്പൂർ പൊലീസ് സ്റ്റേഷനുകളിൽ നിർമിച്ച പുതിയ കെട്ടിടങ്ങളും ഉച്ച കഴിഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യും. മന്ത്രി മുഹമ്മദ് റിയാസ് അധ്യക്ഷനാകും. ബേപ്പൂരിൽ തുറമുഖ വകുപ്പ് അനുവദിച്ച 22 സെന്റ് ഭൂമിയിൽ രണ്ട് കോടി 54 ലക്ഷം രൂപ ചെലവിട്ടാണ് രണ്ടു നിലകളിൽ അത്യാധുനിക സൗകര്യങ്ങളോടെ പുതിയ കെട്ടിടം നിർമിച്ചത്.

✪✪✪

K ഡിസ്ക് സ്ഥാപിക്കുന്ന കേരള ജീനോം ഡേറ്റ സെന്റർ വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. 100 കോടി രൂപ ചെലവിൽ കിഫ്ബിയുടെ സഹായത്തോടെയാണ് സെന്റർ തുടങ്ങിയത്.

101 സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേന്ദ്രങ്ങളുടെ പ്രഖ്യാപനം , ആരോഗ്യ വകുപ്പിന്റെ ജീവധാരാ പോർട്ടൽ, കുടുംബശ്രീയുടെ സാന്ത്വന മിത്രം, സ്കിൽ എറ്റ് കോൾ എന്നിവയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. വിജ്ഞാന കേരളം ഉന്നതി പദ്ധതി വഴി തൊഴിൽ ലഭ്യമായവർക്ക് ഉത്തരവും ചടങ്ങിൽ കൈമാറും.

✪✪✪

രാജ്യം ഇന്ന് നിറങ്ങളുടെ ഉത്സവമായ ഹോളി ആഘോഷിക്കുന്നു. തിന്മയുടെ മേൽ നന്മയുടെ വിജയത്തെ സൂചിപ്പിക്കുന്ന ഹോളി, വസന്തകാലത്തിന്റെ ആരംഭത്തെ അടയാളപ്പെടുത്തുന്നു.

സമത്വത്തിന്റെയും സാഹോദര്യത്തിന്റയും സന്ദേശം നൽകി ജാതി - മത - വർണ- ലിംഗ - പ്രായ - ഭേദമില്ലാതെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും ഹോളി ആഘോഷിക്കുന്നു. പരസ്പരം നിറങ്ങൾ പൂശിയും, ആശംസ കൈമാറിയും, മധുരപലഹാരങ്ങൾ വിതരണം ചെയ്തുമാണ് ഹോളി ആഘോഷം.

✪✪✪

സാമൂഹിക ഐക്യ സന്ദേശം നൽകുന്ന സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും ഉത്സവമാണ് ഹോളി എന്ന് രാഷ്ട്രപതി ദ്രൗപതി മുർമു ആശംസാ സന്ദേശത്തിൽ പറഞ്ഞു. സമൂഹത്തിൽ സ്നേഹവും പ്രതീക്ഷയും പ്രചരിപ്പിക്കുകയും സാമൂഹിക ഐക്യത്തിന്റെ ആത്മാവിനെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ് ഹോളിയെന്നും രാഷ്ട്രപതി പറഞ്ഞു.

✪✪✪

ലോക്സഭാ സ്പീക്കർ ഓം ബിർളയും ജനങ്ങൾക്ക് ഹോളി ആശംസ നേർന്നു. നിറങ്ങളുടെയും ഉത്സാഹത്തിന്റെയും പരസ്പര ഐക്യത്തിന്റെയും ആഘോഷമാണ് ഹോളിയെന്ന് ബിർള സന്ദേശത്തിൽ പറഞ്ഞു.

സ്നേഹം, സമാധാനം, ഐക്യം എന്നിവയുടെ നിറങ്ങൾ കൊണ്ട് സമൂഹത്തിലെ ഇരുട്ടിനെ അകറ്റാനും ഉത്സവത്തിന്റെ സന്തോഷം പങ്കിടാനും അദ്ദേഹം ആഹ്വാനം ചെയ്തു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ നാളെ കൊച്ചിയിൽ എത്തും. മൂന്ന് ദിവസത്തെ സന്ദർശനത്തിനിടെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ, ബൂത്ത് ലെവൽ ഓഫീസർമാർ എന്നിവരുമായി അദ്ദേഹം ചർച്ചകൾ നടത്തും. ഗോശ്രീ പാലം, ദർബാർ ഹാൾ ഗ്രൗണ്ട്, മറൈൻഡ്രൈവ്, ചീനവല പാലം, ചെറായി ബീച്ച്, മ്യൂസിക്കൽ വാക്ക് വേ എന്നിവിടങ്ങളിൽ തിരഞ്ഞെടുപ്പ് കമ്മീഷണർ സന്ദർശനം നടത്തി കന്നി വോട്ടർമാരുമായി കൂടിക്കാഴ്ച നടത്തും.

✪✪✪

സംസ്ഥാനത്ത് SSLC പരീക്ഷകൾ നാളെ ആരംഭിക്കും. മൂവായിരത്തോളം കേന്ദ്രങ്ങളിലായി നാലേകാൽ ലക്ഷത്തോളം വിദ്യാർഥികൾ പരീക്ഷയെഴുതും. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കണ്ടറി ഒന്നാം വർഷ പൊതു പരീക്ഷകളും നാളെ തുടങ്ങും. രണ്ടാം വർഷ പരീക്ഷകൾക്ക് മറ്റന്നാളും തുടക്കമാകും.

✪✪✪

പശ്ചിമേഷ്യൻ മേഖലയിൽ നാളെയും മറ്റന്നാളും നടത്താൻ നിശ്ചയിച്ചിരുന്ന CBSE 10,12 ക്ലാസ് പരീക്ഷകൾ മാറ്റിവെച്ചു. പുതുക്കിയ തീയ്യതികൾ പിന്നീട് പ്രഖ്യാപിക്കും. മാർച്ച് ഏഴ് മുതൽ നടത്താൻ തീരുമാനിച്ച പരീക്ഷകളുടെ കാര്യത്തിൽ നാളെയോടെ സ്ഥിതിഗതി അവലോകനം ചെയ്ത ശേഷം തീരുമാനം എടുക്കുമെന്നും സി ബി എസ് ഇ അറിയിച്ചു.

✪✪✪

ഇന്നലെ അന്തരിച്ച മുൻ കേന്ദ്ര മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ KP ഉണ്ണികൃഷ്ണന്റെ സംസ്കാരചടങ്ങുകൾ രാവിലെ കോഴിക്കോട് മാനാരി ശ്മശാനത്തിൽ നടത്തും. തുടർന്ന് ടൗൺഹാളിൽ അനുശോചനയോഗം ചേരും. ഇന്നലെ പന്നിയങ്കരയിലെ വീട്ടിൽ പൊതുദർശനത്തിന് വെച്ച ഭൗതികദേഹത്തിൽ രാഷ്ട്രീയ സാമൂഹിക രംഗത്തെ നിരവധി പേർ

അന്ത്യോപചാരമർപ്പിച്ചു. മുൻ കേന്ദ്ര മന്ത്രിയും BJP കേരള പ്രഭാരിയുമായ പ്രകാശ് ജാവദേക്കർ,മുൻകേന്ദ്ര മന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ. MK.രാഘവൻ എം.പി. മുസ്ലീം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി PMA സലാം RJDസംസ്ഥാന അധ്യക്ഷൻ MV ശ്രേയസ് കുമാർ തുടങ്ങിയവർ അന്ത്യോപചാരമർപ്പിച്ചു.

✪✪✪

ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ആദ്യ സെമിയിൽ ദക്ഷിണാഫ്രിക്ക ന്യൂസിലൻഡിനെ നേരിടും. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ, ഇന്ത്യൻ സമയം വൈകിട്ട് 7നാണ് മത്സരം.

മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ നാളെ രണ്ടാം സെമിയിൽ ഇന്ത്യ ഇംഗ്ലണ്ടുമായും ഏറ്റുമുട്ടും.

ഈ മാസം 8ന് അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിലാണ് ഫൈനൽ.

✪✪✪

ബിർമിംഗ്ഹാമിൽ ഓൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് പുരുഷ സിംഗിൾസിന്റെ ആദ്യ റൗണ്ടിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ, ചൈനയെ പരാജയപ്പെടുത്തി. രണ്ടാം റൗണ്ടിൽ സെൻ, ചൈനീസ് താരത്തെ നേരിടും.

ഇന്ത്യയുടെ മിക്സഡ് ഡബിൾസ് സഖ്യം മലേഷ്യൻ സഖ്യത്തെ പരാജയപ്പെടുത്തി രണ്ടാം റൗണ്ടിലെത്തി.

✪✪✪

കണ്ണൂർ ആറളം ഫാമിൽ കാട്ടാന ആക്രമണത്തെത്തുടർന്ന് മരിച്ച അനീഷിന്റെ കുടുംബത്തിന് എല്ലാ സഹായവും നൽകാൻ തീരുമാനമായി. സണ്ണി ജോസഫ് MLA യുടെയും ജില്ലാ കലക്ടർ അരുൺ K വിജയന്റെയും നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.....

(വോയ്സ് )

അനീഷിന്റെ കുടുംബത്തിന് നഷ്ടപരിഹാരം, മക്കളുടെ പഠനം, ആനമതിൽ നിർമാണം, സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ, കാടുകൾ വെട്ടിത്തെളിക്കൽ, കൃഷിരീതിയിലെ മാറ്റങ്ങൾ എന്നിങ്ങനെ പത്തോളം പ്രധാന കാര്യങ്ങളിൽ അടിയന്തരമായി നടപടി സ്വീകരിക്കാൻ യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

അനീഷിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് മന്ത്രിയുമായും വകുപ്പ് സെക്രട്ടറിയുമായും സംസാരിക്കുമെന്നും ജില്ലാ കലക്ടർ പറഞ്ഞു. ഫാമിലെ പ്രവർത്തനങ്ങളുടെ നടത്തിപ്പിന് ഒരു സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആറള്ത്തെ ആനമതിലിന്റെ നിർമാണം മെയ് 31 നകം പൂർത്തിയാക്കുമെന്നും നിർമാണ പ്രവൃത്തികൾ വേഗത്തിലാക്കാൻ കൂടുതൽ ജോലിക്കാരെ നിയമിക്കാൻ കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്. വിവിധ വകുപ്പ് മേധാവികളും ആദിവാസി സംഘടന പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷം കാരണം യാത്രാ തടസ്സങ്ങൾ നേരിടുന്ന ഇന്ത്യൻ പൗരന്മാർക്ക് പ്രത്യേക വിമാനങ്ങളിൽ യാത്ര ചെയ്യുന്നതിന് എല്ലാ സഹായങ്ങളും നൽകുമെന്ന് ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ അറിയിച്ചു. ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ ഷെഡ്യൂൾ ചെയ്യാത്ത വിമാനങ്ങളിൽ പോകുന്നവരുടെ യാത്രാ ക്രമീകരണങ്ങൾ പരിശോധിക്കാൻ കോൺസൽ ജനറൽ, കിംഗ് അബ്ദുൽ അസിസ് അന്താരാഷ്ട്ര വിമാനത്താവളം സന്ദർശിച്ചതായും കോൺസുലേറ്റ് അറിയിച്ചു.

ദുരിത ബാധിതരായ യാത്രക്കാരെ തിരിച്ചെത്തിക്കുന്നതിന് ഇന്ത്യൻ വിമാനക്കമ്പനികൾ പ്രത്യേക സർവീസ് നടത്തുന്നുണ്ട്. ഗൾഫ് മേഖലയിലെ ഇന്ത്യൻ എംബസികൾ 24 മണിക്കൂറും പ്രവർത്തിക്കുന്ന സഹായ കേന്ദ്രങ്ങൾ സജ്ജീകരിച്ചു. ഒറ്റപ്പെട്ടുപോയവരെ അടിയന്തരമായി ഒഴിപ്പിക്കുന്നതിനും സഹായിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നുമുണ്ട്. ദുബായ്, ഫുജേറ, ജിദ്ദ എന്നിവിടങ്ങളിൽ നിന്ന് മുംബൈയിലേക്ക് സർവീസ് ആരംഭിച്ചതായി ഇൻഡിഗോ അറിയിച്ചു. ഇവിടങ്ങളിൽ നിന്ന് ഇന്ന് മുതൽ ഷെഡ്യൂൾ ചെയ്ത വിമാനങ്ങൾ മുംബൈയിലേക്ക് പുറപ്പെടുമെന്ന് സ്പൈയ്സ് ജെറ്റും അറിയിച്ചിട്ടുണ്ട്. വ്യോമാതിർത്തി പെട്ടന്ന് അടച്ചതിനെ തുടർന്ന് UAE-യിൽ കുടുങ്ങിക്കിടക്കുന്ന ഇന്ത്യൻ പൗരന്മാരെ തിരിച്ചെത്തിക്കുന്നതിന് ഇന്നലെ UAE യിൽ നിന്ന് പ്രത്യേക സർവീസുകൾ ഉണ്ടായിരുന്നു.

✪✪✪

പശ്ചമേഷ്യയിലെ സാഹചര്യം കണക്കിലെടുത്ത് ഇന്ത്യൻ വിമാനക്കമ്പനികൾ 1,200 ലധികം വിമാനങ്ങളും, വിദേശ കമ്പനികൾ 380 തോളം വിമാനങ്ങളും റദ്ദാക്കിയതായി സിവിൽ ഏവിയേഷൻ മന്ത്രാലയം അറിയിച്ചു. സ്ഥിതിഗതി സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും കുടുങ്ങിക്കിടക്കുന്ന യാത്രക്കാരെ

സുരക്ഷിതമായി എത്തിക്കാൻ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രാലയം അറിയിച്ചു.

ഇന്ന് 58 വിമാനങ്ങൾ സർവീസ് നടത്താനാണ് ശ്രമമെന്ന് മന്ത്രാലയം വ്യക്തമാക്കി. ടിക്കറ്റ് നിരക്കുകളിൽ അനാവശ്യ വർദ്ധന ഉണ്ടാകാതിരിക്കാൻ വിമാനക്കമ്പനികളുമായി നിരന്തരം സമ്പർക്കം പുലർത്തുന്നുണ്ടെന്നും നിരക്ക് സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി. റീഫണ്ടുകൾ, റീഷെഡ്യൂളുകൾ, സഹായം എന്നിവ ഉറപ്പാക്കണമെന്നും നിർദേശമുണ്ട്.

✪✪✪

അന്താരാഷ്ട്ര വിമാനത്താവളങ്ങളിലെ വിമാന ഇന്ധന സംഭരണത്തെ കുറിച്ച് വിവരങ്ങൾ തേടിയിട്ടുണ്ടെന്ന മാധ്യമ റിപ്പോർട്ടുകൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ നിഷേധിച്ചു. ഇന്ധന സംഭരണത്തെ കുറിച്ചോ ആവശ്യകതയെക്കുറിച്ചോ വിശദാംശങ്ങൾ നൽകാൻ ഒരു വിമാനത്താവളത്തോടും ആവശ്യപ്പെട്ടിട്ടില്ലെന്ന് എയർപോർട്ട് അതോറിറ്റി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

കാർഷിക ഉൽപ്പന്നങ്ങളുടെ വിലവർദ്ധനയുടെ ഫലം കർഷകർക്ക് കൂടുതൽ ലഭ്യമാക്കുകയും കാലാവസ്ഥാ വ്യതിയാനത്തിൽ കർഷകരുടെ ആത്മവിശ്വാസം നിലനിർത്തുന്നതിന് പദ്ധതികൾ രൂപപ്പെടുത്തുകയുമാണ് 'കേര' പദ്ധതിയുടെ ലക്ഷ്യമെന്ന് മന്ത്രി P. പ്രസാദ് പറഞ്ഞു. ചേർത്തലയിൽ സംസ്ഥാന 'കേര' പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

40 വർഷത്തിന് ശേഷമാണ് കാർഷിക മേഖലയ്ക്കായി മാത്രം ലോകബാങ്കിന്റെ പിന്തുണയോടെ 2,595 കോടി രൂപയുടെ സമഗ്ര പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

പോഷൻ അഭിയാൻ 2.0 പദ്ധതിയുടെ ഭാഗമായി കേന്ദ്ര ഗവണ്മെന്റ് ഏർപ്പെടുത്തിയ സുപോഷിത് ഗ്രാമപഞ്ചായത്ത് അവാർഡിന് കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി അർഹമായി. മികച്ച പ്രവർത്തനം കാഴ്ചവെച്ച രാജ്യത്തെ ആയിരം പഞ്ചായത്തുകളിൽ നിന്നാണ് അഞ്ചരക്കണ്ടി തെരഞ്ഞെടുക്കപ്പെട്ടത്. ഒരു ലക്ഷം രൂപയും ഗ്രാന്റും പഞ്ചായത്തിന് ലഭിക്കും.

ഏപ്രിൽ രണ്ടിന് ഡൽഹിയിൽ അവാർഡുകൾ സമ്മാനിക്കും.

✪✪✪

വള്ളുവനാടിന്റെ സാസ്കാരിക ഉത്സവമായ മണ്ണാർക്കാട് പൂരം ഇന്ന് സമാപിക്കും. പഴയകാലത്ത് വ്യാപാര ആവശ്യങ്ങൾക്ക് എത്തിയവരെ അനുസ്മരിക്കുന്ന ചെട്ടിവേല, സാംസ്കാരിക ഘോഷയാത്ര എന്നിവയാണ് സമാപന ദിവസത്തെ പരിപാടികൾ.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പിന് മുന്നോടിയായി കോഴിക്കോട്ട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ്ങിന്റെ അധ്യക്ഷതയിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ചേർന്നു. വോട്ടർ പട്ടികയിൽ അപാകതകളുണ്ടെങ്കിൽ തിരുത്താനും മരിച്ചവരുൾപ്പടെ ഒഴിവാക്കേണ്ടവരെ കണ്ടെത്താനും ബൂത്ത് ലെവൽ ഓഫീസർമാരും ബൂത്ത് ലെവൽ ഏജന്റുമാരും ശ്രദ്ധിക്കണമെന്ന് കലക്ടർ അറിയിച്ചു. എല്ലാ ബൂത്തുകളിലും ബൂത്ത് ലെവൽ ഏജന്റുമാരുടെ പരിശീലനം ഇന്ന് നടത്തുമെന്നും കലക്ടർ അറിയിച്ചു.

✪✪✪

*News Editor & News Reader : വി കെ സുരേഷ്*
*News Team: അനുഷ ആത്മപ്രകാശ്, നിമിഷ ജി*
*DEO: സി കെ സുബോധ്*